**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ അഴിമതി ആരോപണങ്ങളിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൈക്കൂലി കേസിൽ പിടിയിലായ കെ.എസ്.ആർ.ടി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ (അഡ്വെർടൈസ്മെന്റ് ആന്റ് ലോജിസ്റ്റിക്)-ന്റെ കഴിഞ്ഞ കാലങ്ങളിലെ എല്ലാ പ്രവർത്തനങ്ങളിലും സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തുമോ; | (എ) | കൈക്കൂലി കേസിൽ പിടിയിലായ കെ.എസ്.ആർ.ടി.സി ഡെപ്യൂട്ടി ജനറൽ മാനേജർ (Advertisement & logistics) ശ്രീ. ഉദയകുമാറിനെതിരെ അഴിമതി നിരോധന നിയമത്തിന്റെ ഏഴാം വകുപ്പ് പ്രകാരം വി.സി.03/2023/SRT നമ്പരായി 15/07/2023 തീയതിയിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ ശ്രീ. ഉദയകുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിയുടെ മുൻ കാലങ്ങളിലെ ഔദ്യോഗിക തീരുമാനങ്ങൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യിൽ ആഭ്യന്തര അന്വേഷണം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി 15-7-2023 മുതൽ പ്രാബല്യത്തിൽ കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു വരികയുമാണ്.<br><br>കൈക്കൂലി കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെയുള്ള അന്വേഷണം സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിധിയിൽ നടക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരന്റെ മുൻകാലത്തിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യിൽ ആഭ്യന്തര അന്വേഷണം ആരംഭിച്ചിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ 400 കോടി രൂപയുടെ അഴിമതി നടന്നതായുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ 400 കോടി രൂപയുടെ അഴിമതി നടന്നതായി ആരോപിച്ചു 25/08/2023 തീയതിയിലെ ഇ-മെയിൽ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ SIU-I മുഖേന പരാതി പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ